*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

163rd Issue - Volume 4, No. 44 **ജാഗ്രത** 10th December 2010

"Take up one idea. Make that one idea your life - think of it, dream of it, live on that idea. Let the brain, muscles, nerves, every part of your body, be full of that idea, and just leave every other idea alone. This is the way to success, that is the way great spiritual giants are produced."

(Swami Vivekananda)

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. OLYMPIAS

## പ്രധാന വാർത്തകൾ

അല്മായർ സഭയുടെ ശബ്ദമാകണം:
മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

---

ആരോഗ്യപരിപാലനരംഗത്തെ കത്തോലിക്കാസഭയുടെ സംഭാവനകൾ ഭരണാധികാരികൾ തിരിച്ചറിയണം:
ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

---

മാധ്യമങ്ങൾ മനുഷ്യനന്മയ്ക്ക് വിനിയോഗിക്കണം:
മാർ ജോസഫ് പെരുന്തോട്ടം

---

ദൈവവചനശ്രവണം ജീവിതത്തെ സുവിശേഷത്തോടു ചേർക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്

---

ഭാവിതലമുറയെ ആഴമായ വിശ്വാസത്തിൽ വളർത്തണം:
മാർ ജോസഫ് പവ്വത്തിൽ

---

വ്യക്തികൾ ജീവിതസാഹചര്യങ്ങളിൽ കരുണ പകരുന്നവരാകണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

## അല്മായർ സഭയുടെ ശബ്ദമാകണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



അല്മായർ സഭയുടെ ശബ്ദമായി നിലകൊള്ളണമെന്നും സഭയോട് പ്രതിബദ്ധതയുള്ളവരായിരിക്കണമെന്നും കേരള ബിഷപ്സ് കോൺഫറൻസ് അല്മായ കമ്മീഷൻ ചെയർമാനും ഇടുക്കി ബിഷപ്പുമായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. കോട്ടയത്ത് നടന്ന അഖില കേരള കത്തോലിക്ക കോൺഗ്രസ് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക പ്രശ്നങ്ങളിൽ സഭയുടെ കാഴ്ചപ്പാട് ഉൾക്കൊള്ളണമെന്നും സഭയ്ക്കെതിരായി പ്രവർത്തിക്കുന്ന പ്രതിലോമ ശക്തികളെ നേരിടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫാ. ഡേവിഡ് ചിറമ്മേലിനു ഡൊമിനിക് മണ്ണിപ്പറമ്പിൽ മെമ്മോറിയൽ ദിനബന്ധു എകെസിസി അവാർഡ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നൽകി. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. റവ.ഡോ. ആന്റണി നിരപ്പേൽ, ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി, ടോമി തുരുത്തിക്കര, അഡ്വ. ബിജു പറയനിലം, പ്രഫ. കെ.കെ. ജോൺ, പ്രഫ. ജോസുകുട്ടി ഒഴുകയിൽ, പ്രഫ. പി.പി. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

## ആരോഗ്യപരിപാലനരംഗത്തെ കത്തോലിക്കാസഭയുടെ സംഭാവനകൾ ഭരണാധികാരികൾ തിരിച്ചറിയണം: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ



ആരോഗ്യ പരിപാലനരംഗത്തെ കത്തോലിക്കാസഭയുടെ സംഭാവനകൾ ഭരണാധികാരികൾ തിരിച്ചറിയണമെന്നു വരാപ്പുഴ ആർച്ച്ബിഷപ്പും കെസിബിസി. ഹെൽത്ത് കമ്മീഷൻ ചെയർമാനുമായ ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. പിഒസിയിൽ കാത്തലിക് നഴ്സിംഗ് സ്കൂൾ മാനേജേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ചു ബിഷപ് പ്രതിവർഷം 5,000നും 6,000നും മധ്യേ നഴ്സുമാരെ പരിശീലിപ്പിക്കാൻ കത്തോലിക്കാസഭയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങൾക്കു കഴിയുന്നുണ്ട്. ഇതുവഴി ജാതിമത ഭേദമെന്യേ ഏവർക്കും അരോഗദൃഢഗാത്രരായി ജീവിക്കാനുള്ള സുസ്ഥിതി പ്രദാനം ചെയ്യേണ്ട രാഷ്ട്രത്തിന്റെ ഉത്തരവാദിത്വത്തിൽ കത്തോലിക്കാസഭ സജീവമായി പങ്കാളികളാവുന്നുണ്ടെന്നും ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. കിസ്തു അനുവർത്തിച്ച സൗഖ്യദായകശുശ്രൂഷയുടെ പിന്തുടർച്ചയാണ് കത്തോലിക്കാസഭ ഇന്നു നിർവഹിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മനുഷ്യരെയും ജീവന്റെ പൂർണതയിലേക്കു നയിച്ച യേശുവിന്റെ പാതയിലാണ് സഭയുടെ ആതുരാലയങ്ങൾ നീങ്ങുന്നത്. ഇന്ത്യയിൽ എയ്ഡ്സ് രോഗത്തിന്റെ വ്യാപനം 50 ശതമാനത്തോളം നിയന്ത്രിക്കാൻ കഴിഞ്ഞതു കത്തോലിക്കാസഭയുടെ കമ്മ്യൂണിറ്റി ഹെൽത്ത് സർവീസിന്റെ ബോധവൽക്കരണ-പ്രതിരോധ പരിപാടികളുടെ കൂടി ഫലമാണെന്ന് ഭരണാധികാരികളെ ആർച്ച് ബിഷപ് ഓർമിപ്പിച്ചു. അതുകൊണ്ടു തന്നെ രോഗചികിത്സാരംഗത്തു നിസ്വാർഥമായ സേവനമർപ്പിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും അതേ ആനുകൂല്യത്തോടെ കാണാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം - ആർച്ച് ബിഷപ് പറഞ്ഞു. കെസിബിസി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ഫാ. മാത്യു പുതുമന അധ്യക്ഷനായിരുന്നു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ മുഖ്യപ്രഭാഷണം നടത്തി. ഫാ.സന്തോഷ് അഴകത്ത്, സിസ്റ്റർ അന്റോണിറ്റ, സിസ്റ്റർ മേഴ്സി കുര്യൻ, കെസിബിസി ഹെൽത്ത് കമ്മീഷന്റെ കോ-ഓർഡിനേറ്റർ ഫാ. ആന്റോ ചാലിശേരി എന്നിവർ പ്രസംഗിച്ചു.

## മാധ്യമങ്ങൾ മനുഷ്യനന്മയ്ക്ക് വിനിയോഗിക്കണം: മാർ ജോസഫ് പെരുന്തോട്ടം



മാധ്യമങ്ങൾ മനുഷ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. പറാൽ സെന്റ് ആന്റണീസ് സൺഡേസ്കൂളിന്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. മാധ്യമങ്ങൾ ദുരുപയോഗിക്കപ്പെടാതെ വിനിയോഗിക്കണമെന്നും മാർ പെരുന്തോട്ടം ഉദ്ബോധിപ്പിച്ചു. വികാരി ഫാ. ജോഷി മഠത്തിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഷിജോ കളപ്പുരയ്ക്കൽ, ബിജു തോപ്പിൽ, ജോൺസൺ കോയിപ്പള്ളി, ബോബി കോയിപ്പള്ളി, ബേബി അഴിമുഖം, സലോമി പറത്തറ, സന്ദീപ് പുതുച്ചിറ, നവ്യ കറുകയിൽ, ജോസ്മി പാറത്തറ എന്നിവർ പ്രസംഗിച്ചു.

## ദൈവവചനശ്രവണം ജീവിതത്തെ സുവിശേഷത്തോടു ചേർക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്




ദൈവവചനശ്രവണം ജീവിതത്തെ സുവിശേഷത്തോടു ചേർക്കുന്നുവെന്നും ഇതിലൂടെ ജീവിതവിജയം സാധ്യമാകുമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. പാലാ രൂപത വിശുദ്ധ അൽഫോൻസാ നഗർ ബൈബിൾ കൺവൻഷൻ ബലിവേദിയുടെ കാൽനാട്ടുകർമം നിർവഹിച്ചു സന്ദേശം നൽകുകയായിരുന്നു ബിഷപ്. വിശുദ്ധ അൽഫോൻസാമ്മ തിരുവചനം അനുസരിച്ചു ജീവിച്ച ഭരണങ്ങാനത്തു തിരുവചനത്തിന്റെ പ്രതിധ്വനി പ്രത്യേകമായി നിലനിൽക്കുന്നുവെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു. പാലാ രൂപത പാസ്റ്ററൽ കോ-ഓർഡിനേറ്റർ റവ.ഡോ.ജോസഫ് കുഴിഞ്ഞാലിൽ, ഭരണങ്ങാനം ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര, ഫാ. ജോർജ് മണ്ഡപം, ഫാ.ഫ്രാൻസിസ് പാറപ്ലാക്കൽ, ഫാ.ജോർജ് നിരവത്ത്, ഫാ.കുര്യൻ വെള്ളരിങ്ങാട്ട്, ഫാ.തോമസ് മണ്ണൂർ, ഫാ.ജോർജ് ചൊള്ളനാൽ, ഫാ.ജോസഫ് സ്രാമ്പിക്കൽ, ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ.ജോസഫ് ചെറുകരക്കുന്നേൽ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഭാവിതലമുറയെ ആഴമായ വിശ്വാസത്തിൽ വളർത്തണം: മാർ ജോസഫ് പവ്വത്തിൽ



ഭാവിതലമുറയെ ആഴമായ വിശ്വാസ ചൈതന്യത്തിൽ വളർത്താൻ നാം ജാഗ്രത പുലർത്തണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. യൂദാപുരം സെന്റ് ജൂഡ് ഇടവക പ്രഖ്യാപനത്തോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. ഇളംതലമുറയെ നന്മയുടെ പാതയിൽ നയിക്കാൻ ശ്രദ്ധ പതിപ്പിക്കണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. കത്തീഡ്രൽ വികാരി ഫാ. തോമസ് തുമ്പയിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോസ് ആലഞ്ചേരി, സി.എഫ്. തോമസ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാ വി നായർ, സുധാ കുര്യൻ, വി.ജെ. ലാലി, റോസമ്മ ജെയിംസ്, ശ്യാമള ടീച്ചർ, മാത്തുക്കുട്ടി പ്ളാത്താനം, ളൂയിസ് ജോൺ നേര്യംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## വ്യക്തികൾ ജീവിതസാഹചര്യങ്ങളിൽ കരുണ പകരുന്നവരാകണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



ഓരോ വ്യക്തിയും സ്വന്തം ജീവിത സാഹചര്യങ്ങളിൽ കരുണ പക രുന്ന വരാകണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. റവ. ഡോ. ജോർജ് തേറുകാട്ടിലിനെക്കുറിച്ച് കാരുണികൻ ഗ്രൂപ്പ് ഓഫ് പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച കംപാഷൻ- പാഷൻ ഫോർ കമ്യൂണിയൻ എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാരുണ്യത്തെക്കുറിച്ച് വാചാലമായി സംസാരിച്ചതുകൊണ്ടു മാത്രം കാര്യമില്ല. പ്രസംഗിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ നമുക്ക് ഉത്തരവാദിത്വം ഉണ്ടെന്നും മാർ എടയന്ത്രത്ത് കൂട്ടിച്ചേർത്തു. റവ. ഡോ. ജേക്കബ് പറപ്പിള്ളിക്ക് ആദ്യ പ്രതി നൽകിയാണു പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചത്. വാഗ്മിയും ദൈവശാസ്ത്രജ്ഞനുമായ ഫാ. ജോർജ് തേറുകാട്ടിലിനെ റവ. ഡോ. സ്റ്റീഫൻ ചിറപ്പണത്ത് പൊന്നാടയണിയിച്ച് ആദരിച്ചു. ഫാ. ജോർജ് കണ്ണംപ്ലാക്കൽ ഉപഹാരം നൽകി. ഫാ. ഫ്രാൻസിസ് കൊടിയൻ, റവ. ഡോ. പോൾ തേലക്കാട്ട്, റവ. ഡോ. ജേക്കബ് നാലുപറയിൽ, ഫാ. മാത്യു ഇല്ലത്ത്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C., P.B. No. 2251, Palarivattom, Kochi-25, INDIA

*********